ICDS- B3-4509/20

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :02.07.2021
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നം : 0471-2346534

## പരിപത്രം

വിഷയം: വനിതാ ശിശു വകുപ്പ് -ഐ. സി ഡി എസ് -കോവിഡ്-19 -ലോക്ക്ഡൗ ൺ നിലനിൽക്കുന്നത് അങ്കണവാടി ഭക്ഷ്യധാന്യങ്ങൾ - ടേക്ക് ഹോം റേഷനായി നൽകുന്നത് സംബ:

സൂചന: 1 വനിതാ ശിശു വികസന ഡയറക്ടറുടെ 11.3.2020, 15.04.2020, 12.05.2020, 01.06.2020, 30.06.2020, 23.07.2020, 25.08.2020, 01.10.2020, 28.10.20, 27.11.2020, 29.12.2020, 18.02.2021,08.03.21,09.04.21,05.05.2021,01.06.2020 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

കോവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അങ്കണവാടികൾക്ക് അവധി പ്രഖ്യാപിച്ചതിനാൽ കുട്ടികൾക്കും ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന ഭക്ഷണം31.03.2020 വരെ ടേക്ക് ഹോം റേഷനായി നൽകുന്നതിനും, തുടർന്ന് ലോക്ക്ഡൗൺ ദീർഘിപ്പിച്ചതിനാൽ, ഭക്ഷ്യ വിതരണത്തിൽ തടസ്സം നേരിടാതിരിക്കുന്നതിന് ഭക്ഷ്യധാന്യങ്ങൾ THR ആയി വിതരണം ചെയ്യുന്ന കാലാവധി **2021 ജൂൺ 30 വരെ** നീട്ടുന്നതിനും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു.

കോവിഡ്-19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് **2021 സെപ്റ്റംബർ 30 വരെ** THR ആയി വിതരണം ചെയ്യേണ്ടതാണ് ഇതിൻ പ്രകാരം, ന്യൂട്രിമിക്സ് ,ഭക്ഷ്യധാന്യം എന്നിവയുടെ വിതരണം തടസ്സം കൂടാതെ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതുമാണ്.

01.06.2020ലെ ഇതേ നമ്പർ പരിപത്രത്തിൽ 6 വയസ്സിനു താഴെയുള്ളവരും, സ്കൂൾ പ്രവേശനത്തിനായി കാത്തിരിക്കുന്നവരുമായ കുട്ടികൾക്ക് സ്കൂൾ തുറക്കുന്നതുവരെ SNP സേവനം THR ആയി നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 6 വയസ്സ് പൂർത്തീകരിച്ച കുട്ടികൾക്ക് ഇപ്പോഴും SNP ആനുകൂല്യം നൽകിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് . നിലവിൽ സ്കൂളുകളിൽ നിന്നും ഭക്ഷ്യവസ്തുക്കളുടെ വിതരണം പുനരാരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ 6 വയസ്സ്

പൂർത്തീകരിച്ചിട്ടുള്ളതും, ഇതിനോടകം സ്കൂൾ പ്രവേശനം നേടിയിട്ടുള്ളതുമായ കുട്ടികളെ SN ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

THR ആയി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിവരങ്ങൾ കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. THR വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും മേൽ പരാമർശിച്ച ഭേദഗതികളോടുകൂടി ഈ സർക്കുലറിനും ബാധകമായിരിക്കും

വനിതാശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ